"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - വിശാല കൊച്ചി വികസന അതോറിറ്റി (GCDA) -എറണാകുളം ജില്ലയിലെ കടവന്ത്രയിൽ നടപ്പിലാക്കുന്ന 'She Hostel' പദ്ധതിയുടെ ഒന്നാം ഘട്ട പൂർത്തീകരണത്തിനായി ഫണ്ട് റിലീസ് ചെയ്ത് -ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**തദ്ദേശ സ്വയംഭരണ (ഐ എ) വകുപ്പ്**

സ.ഉ.(സാധാ) നം.2505/2025/LSGD തീയതി,തിരുവനന്തപുരം, 15-10-2025

---

പരാമർശം:-

1. 26.08.2023-ലെ സ.ഉ (സാധാ) നം. 1748/2023/തസ്വഭവ
2. 12.07.2024-ലെ സ.ഉ (സാധാ) നം. 1276/2024/തസ്വഭവ
3. ജിസിഡിഎ സെക്രട്ടറിയുടെ 11.08.2025-ലെ 3607/E1/2023/ജിസിഡിഎ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ കടവന്ത്രയിൽ വിശാല കൊച്ചി വികസന അതോറിറ്റി നടപ്പിലാക്കുന്ന **'She Hostel'** പദ്ധതിയുടെ ഒന്നാം ഘട്ടത്തിന് പരാമർശം (1) പ്രകാരം മൂന്ന് കോടി രൂപയുടെ ഭരണാനുമതി നല്കി ഉത്തരവായിരുന്നു. തുടർന്ന് പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തീകരിക്കുന്നതിനായി 60,00,000/- രൂപയുടെ ഫണ്ട് പരാമർശം (2) പ്രകാരം റിലീസ് ചെയ്ത് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. ജിസിഡിഎയുടെ SHE HOSTEL പദ്ധതിയുടെ 1st Phase അവസാന ഘട്ടത്തിലാണെന്നും ടി പ്രവൃത്തിയുടെ 3rd & Part Bill തയ്യാറാക്കിയിട്ടുള്ളതായും, 18% GST ഉൾപ്പെടെ ആകെ 2,47,97,285/- രൂപ ആയിട്ടുണ്ടെന്നും, ഇതുവരെ 1st & Part billL-ന്മേൽ ഭാഗികമായി അനുവദിച്ച 60 ലക്ഷം രൂപ മാത്രമാണ് ലഭ്യമായിട്ടുള്ളതെന്നും, ഈ സാഹചര്യത്തിൽ പദ്ധതിയുടെ സമയബന്ധിതമായ പൂർത്തീകരണത്തിനായി ബാക്കി തുക റിലീസ് ചെയ്യണമെന്നും പരാമർശം (3) പ്രകാരം അതോറിറ്റി സെക്രട്ടറി അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ 'She Hostel' പദ്ധതിയുടെ ഒന്നാം ഘട്ടം പൂർത്തീകരിക്കുന്നതിനായി KFC പ്രകാരമുള്ള വിനിയോഗ സർട്ടിഫിക്കറ്റും, 2024-2025-വരെയുള്ള Pending Reconciliation Certificate -ഉം ലഭ്യമാക്കേണ്ടതാണെന്ന വ്യവസ്ഥകൾക്ക് വിധേയമായി, 1,75,00,000/- (ഒരു കോടി എഴുപത്തിയഞ്ചു ലക്ഷം രൂപ മാത്രം) "2217-05-191-35-00-35 p-v എന്ന ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് അനുമതി നൽകിയും, പ്രസ്തുത തുക വിശാല കൊച്ചി വികസന അതോറിറ്റി സെക്രട്ടറിയ്ക്ക് അനുവദിക്കുന്നതിന് നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

LALI K

ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, വിശാല കൊച്ചി വികസന അതോറിറ്റി

ട്രഷറി ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ ട്രഷറി, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (ഇ&ആർ.എസ്.എ.ജി & എസ്.എസ്.എ) കേരളം, തിരുവനന്തപുരം

സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം

ധനകാര്യ (ഡബ്ല്യൂ.സി.ഡി) വകുപ്പ് (18.09.2025-ലെ WCD-3/60/2024-Fin പ്രകാരം)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ് (ഐ.എ3/104/2023/LSGD)

ഉത്തരവിൻ പ്രകാരം

Signed by
Alex G C
സെക്ഷൻ ഓഫീസർ
Date: 16-10-2025 11:42:55